(ഇ) പരിശോധനയിൽ പുനലൂരിലെ രണ്ടാം നമ്പർ മൊത്തവ്യാപാര ഡിപ്പോ ഒഴികെയുള്ള മറ്റ് മൊത്തവ്യാപാര ഡിപ്പോകളിലോ റേഷൻ കടകളിലോ സ്റ്റോക്കിൽ വ്യത്യാസമൊന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ലെന്നും എന്നാൽ രണ്ടാം നമ്പർ മൊത്തവ്യാപാര ഡിപ്പോയിൽ 115 കി. ഗ്രാം അരി കുറവും 22 കി. ഗ്രാം ഗോതമ്പ് കൂടുതലും കണ്ടു പിടിച്ചതായും റിപ്പോർട്ടിൽ പറയുന്നു. കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാന ത്തിൽ ഈ മൊത്തവ്യാപാര ഡിപ്പോയുടെ അംഗീകാരം താല്ക്കാലികമായി സസ്പെന്റു ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ടുണ്ട്.

(എഫ്) പോലീസ് പിടിച്ചെടുത്ത അരിക്ക് എഫ്. സി. ഐ.-യിൽ നിന്നും വിവിധ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന അരിയോടു സാമ്യമുണ്ടെങ്കിലും അത് പൊതുവിതരണത്തിനായി മൊത്ത/ചില്ലറ വ്യാപാര കേന്ദ്രത്തിൽ നിന്നും നൽകിയ അരിയാണെന്ന് വ്യക്തമായിട്ടില്ല.

പേരാമ്പ്ര നിയോജക മണ്ഡലത്തിലെ പൊതുവിതരണ കേന്ദ്രങ്ങൾ

65 [2682] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പൊതുവിതരണ കേന്ദ്രങ്ങളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഇതിൽ നിലവിൽ പ്രവർത്തിക്കുന്നവ എത്രയെന്ന് പഞ്ചായത്തടി സ്ഥാനത്തിൽ അറിയിക്കാമോ;

(സി) കടകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്താമോ;

(ഡി) റേഷൻ സാധനങ്ങൾ മറിച്ച് വിറ്റതിന് മണ്ഡലത്തിലെ ഏതെങ്കിലും കടയുടമകളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അവരുടെ പേരുവിവരം അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പേരാമ്പ്ര മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പൊതുവിതരണ കേന്ദ്രങ്ങളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| പഞ്ചായത്തിന്റെ പേര് | റേഷൻ കടകളുടെ എണ്ണം |
|---|---|
| നടുവണ്ണൂർ | 10 |
| കായണ്ണ | 5 |
| പേരാമ്പ്ര | 11 |
| ചങ്ങരോത്ത് | 13 |
| കുത്താളി | 8 |
| ചക്കിട്ടപ്പാറ | 9 |
| കോട്ടൂർ | 14 |
| നൊച്ചാട് | 9 |
| കുരാച്ചുണ്ട് | 9 |
| അരിക്കുളം | 9 |
| ആകെ | 97 |

(ബി) നിലവിൽ പ്രവർത്തിക്കുന്ന കടകളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നടുവണ്ണൂർ | 10 |
| കായണ്ണ | 5 |
| പേരാമ്പ്ര | 11 |
| ചങ്ങരോത്ത് | 13 |
| കുത്താളി | 8 |
| ചക്കിട്ടപ്പാറ | 9 |
| കോട്ടൂർ | 14 |
| നൊച്ചാട് | 9 |
| കുരാച്ചുണ്ട് | 7 |
| അരിക്കുളം | 9 |
| ആകെ | 95 |

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർത്തലാക്കിയ കടകൾ പുനഃസ്ഥാപിക്കുന്നതിന് ഈ കടകളുടെ ഒഴിവ് പരസ്യപ്പെടുത്തി അപേക്ഷ സ്വീകരിച്ച് പതിവു നടപടിക്രമമനുസരിച്ച് ലൈസൻസിയെ നിയമിക്കുന്നതാണ്.

(ഡി) റേഷൻ സാധനങ്ങൾ മറിച്ച് വിറ്റതായുള്ള കേസുകൾ കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

## കുറ്റിക്കാട്ടൂരിൽ ലാഭം മാർക്കറ്റ് ആരംഭിക്കാൻ നടപടി

66 [2683] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ കുറ്റിക്കാട്ടൂരിൽ ലാഭം മാർക്കറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കുറ്റിക്കാട്ടൂരിൽ ലാഭം മാർക്കറ്റ് എന്നു മുതൽ പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) ഉണ്ട്. ഇവിടെ ലാഭം മാർക്കറ്റ് ആരംഭിക്കുന്നതിന് 24-9-2004-ലെ നടപടിക്രമം അനുസരിച്ച് അനുവാദം നൽകുകയുണ്ടായി. തുടർന്ന് അധിക സ്ഥലം ലഭ്യമാക്കുവാനും തീരുമാനമായി. ലാഭം മാർക്കറ്റിന്റെ ഫർണിഷിംഗ് ജോലികൾ അടിയന്തിരമായി നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കഴിയുന്നത്ര നേരത്തെ തന്നെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മഞ്ചേരി മണ്ഡലത്തിൽ ചീക്കോട് പഞ്ചായത്തിലെ പറപ്പൂർ, ചെറിയാപറമ്പിൽ പുതിയ റേഷൻ കട തുടങ്ങുന്നതിന് നടപടി

67 [2684] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ ചീക്കോട് പഞ്ചായത്തിലെ പറപ്പൂർ, ചെറിയാപറമ്പിൽ പുതിയ റേഷൻകട തുടങ്ങുന്നതിന് നാട്ടുകാരിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly